ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻറിസോഴ്സസ് ഡെവലപ്മെന്റ്
ചാക്ക, തിരുവനന്തപുരം-24

നമ്പർ: ഐ.എച്ച്.ആർ.ഡി/23/2024-ഇ.ബി1 തീയതി,തിരുവനന്തപുരം 23.04.2024

## പരിപത്രം

വിഷയം: ഐ.എച്ച്.ആർ.ഡി - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം 2024- പുതുക്കിയ മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- (1) ഇതേ കാര്യാലയത്തിലെ 28.04.1998 തീയതിയിലെ ഇ 1/46/98/എച്ച്.ആർ.ഡി നമ്പറിലുള്ള ഉത്തരവ്

(2) ഇതേ കാര്യാലയത്തിലെ 31.12.2019 തീയതിയിലെ ഇബി3/13555/2019/എച്ച്.ആർ.ഡി നമ്പറിലുള്ള ഉത്തരവ്

(3) ഇതേ കാര്യാലയത്തിലെ 20.02.2024, 01.04.2024 എന്നീ തീയതികളിലെ ഐ.എച്ച്.ആർ.ഡി/23/2024-ഇബി1 നമ്പരിലുള്ള പരിപത്രങ്ങൾ.

(4) ഇതേ കാര്യാലയത്തിലെ 20.04.2024 തീയതിയിലെ ഐ.എച്ച്.ആർ.ഡി/23/2024-ഇബി1 നമ്പർ പരിപത്രം

ഐ.എച്ച്.ആർ.ഡി. സർവീസിലുള്ള ജീവനക്കാരുടെ **2024** മുതലുള്ള പൊതു സ്ഥലംമാറ്റ നടപടികൾ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുറ്റമറ്റ രീതിയിൽ IHRD യിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ഒരു ഇലക്ട്രോണിക് ഡാറ്റാബേസ് പൂർണ്ണമായ രീതിയിൽ തയ്യാറാക്കി, ജീവനക്കാരിൽ നിന്നും ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ ക്ഷണിച്ച് സുതാര്യമായ രീതിയിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി **IHRD** സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിക്കുന്നതിനു വേണ്ടി സൂചന **(3)** ൽ പരാമൃഷ്ടമായ പരിപത്രങ്ങളിലൂടെ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

**2)** ഐ.എച്ച്.ആർ.ഡി ഔദ്യോഗിക വെബ്സൈറ്റിലെ **e-transfer software** ൽ **(Developed by C-dit)** പൊതുസ്ഥലംമാറ്റ നടപടികൾ സുതാര്യമായ രീതിയിൽ പൂർത്തിയാക്കാൻ കഴിയുന്ന തരത്തിൽ ഒരു മൊഡ്യൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മൊഡ്യൂളിലൂടെ ജീവനക്കാരുടെ ഒരു ഇലക്ട്രോണിക് ഡാറ്റാബേസ് പൂർണ്ണമായ രീതിയിൽ തയ്യാറാക്കി, ജീവനക്കാരിൽ നിന്നും ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ ക്ഷണിച്ച് തീർത്തും സുതാര്യമായ രീതിയിൽ നടപടികൾ പൂർത്തിയാക്കി **IHRD** ജീവനക്കാർക്ക് **2024** ലെ പൊതുസ്ഥലംമാറ്റം നടത്താൻ കഴിയുന്നതാണ്.

**3)** പ്രസ്തുത സംവിധാനത്തിലൂടെ ഓൺലൈനായി സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന് നിലവിലെ ജീവനക്കാരുടെ മുഴുവൻ സർവ്വീസ് വിവരങ്ങളും രേഖപ്പെടുത്തുന്നതിനും, അപേക്ഷ ക്ഷണിച്ച് നടപടിക്രമം പൂർത്തിയാക്കുന്നതിനും തുടർമാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന **(4)** പ്രകാരം വിശദമായ പരിപത്രം പുറപ്പെടുവിച്ചിരുന്നു. ടി പരിപത്രത്തിലെ മാർഗനിർദ്ദേശങ്ങളുടെ പൂർണമായ അതിലംഘനപ്രഭാവത്തോടെ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

I. **IHRD** യുടെ ട്രാൻസ്ഫർ **&** പോസ്റ്റിങ്ങ് വെബ്സൈറ്റ് (http://tandp.ihrd.ac.in) ലൂടെ എല്ലാ വിഭാഗം ജീവനക്കാർക്കും **Online General Transfer 2024** എന്ന മൊഡ്യൂളിലേക്ക് പ്രവേശിക്കാവുന്നതാണ്.

II. സ്ഥാപന മേധാവികൾക്ക് അനുവദിച്ചിട്ടുള്ള ലോഗിൻ ഉപയോഗിച്ച് **Online General Transfer 2024** എന്ന മൊഡ്യൂളിൽ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തുന്ന പേജിൽ പ്രവേശിച്ച് അതാത് കാര്യാലയങ്ങളിൽ നിലവിലുള്ള എല്ലാ ജീവനക്കാരുടെയും പേര് വിവരം ഉണ്ടെന്ന് ഉറപ്പ് വരുത്തി, എല്ലാ ജീവനക്കാരുടെയും സേവനപുസ്തകവും മറ്റ് രേഖകളും പരിശോധിച്ച് **28/02/2024** വരെയുള്ള സർവ്വീസ് സംബന്ധമായ വിവരങ്ങൾ ശരിയായ രീതിയിൽ **(Mandatory)** ആയവ പൂർണ്ണമായും രേഖപ്പെടുത്തി **Approval** നൽകേണ്ടതാണ്. **(**നിലവിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ തെറ്റുള്ള പക്ഷം ആയത് തിരുത്തേണ്ടതുമാണ്.**)**

III. ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ട് ഷെഡ്യൂൾ പ്രകാരം എല്ലാ വിഭാഗം ജീവനക്കാർക്കും സ്വന്തം ലോഗിനിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

IV. ഏതെങ്കിലും ഒരു സ്റ്റേഷനിൽ തുടർച്ചയായ 2 വർഷത്തിൽ അധികമായി സേവനം അനുഷ്ഠിച്ചു വരുന്ന ജീവനക്കാരൻ നിർബന്ധമായും **Online General Transfer** നായി ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ഇക്കാര്യം സ്ഥാപന മേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്. സ്ഥാപന മേധാവികൾ ഓൺലൈൻ ട്രാൻസ്ഫർ സമർപ്പിച്ചു എന്നുള്ളത് ആസ്ഥാന കാര്യാലയത്തിലെ നിയുക്ത ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അത്തരം ജീവനക്കാർ ഭരണ പരമായ സൗകര്യാർത്ഥം ആസ്ഥാന കാര്യാലയത്തിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവ് അനുസരിച്ചുള്ള സ്റ്റേഷനിലേക്ക് സ്ഥലം മാറ്റത്തിനു വിധേയരാവേണ്ടതാണ്.

V. ഓരോ സ്ഥാപന മേധാവിയും, സ്ഥാപനത്തിലെ അർഹരായ എല്ലാ ജീവനക്കാരും ഓൺലൈൻ ട്രാൻസ്ഫറിന് അപേക്ഷ നൽകി എന്ന് ഉറപ്പു വരുത്തേണ്ടതും ആയത് നല്കാൻ താല്പര്യം ഇല്ലാത്തവരിൽ നിന്നും സമ്മത പത്രം വാങ്ങേണ്ടതുമാണ്. ഈ ഉത്തരവാദിത്തം സ്ഥാപന മേധാവികൾ അത്യന്തം ഗൗരവത്തോടെ നിർവഹിക്കേണ്ടതാണ്.

VI. എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നതിനും, ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും നടപടിക്രമം പൂർത്തിയാക്കുന്നതിനും താഴെ പറയും പ്രകാരം സമയക്രമം നിശ്ചയിക്കുന്നു.

| നടപടിക്രമം | തീയതി |
|---|---|
| ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തി കാര്യാലയ മേധാവി Approval ചെയ്ത് നൽകേണ്ടത് | 20/04/2024 മുതൽ 30/04/2024 വരെ |
| ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് | 02/05/2024 |
| ജീവനക്കാരുടെ സർവ്വീസ് വിവരങ്ങളിന്മേൽ ആക്ഷേപം സ്വീകരിക്കുന്നത് | 03/05/2024 മുതൽ 06/05/2024 വരെ |
| പൊതു സ്ഥലം മാറ്റത്തിനായി ജീവനക്കാർ ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കേണ്ടത് | 07/05/2024 മുതൽ 15/05/2024 വരെ |
| ജീവനക്കാർ സമർപ്പിക്കുന്ന പൊതു സ്ഥലംമാറ്റ അപേക്ഷ കാര്യാലയമേധാവി ശുപാർശ ചെയ്ത് അയക്കേണ്ടത് | 18/05/2024 മുതൽ 20/05/2024 വരെ |

vii. മേൽ പ്രകാരമുള്ള സമയക്രമം പാലിച്ച് കൊണ്ട് ഓൺലൈനായി പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷ സ്വീകരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ, ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്ന കാര്യത്തിൽ കൃത്യതയും സമയക്രമവും എല്ലാ സ്ഥാപനമേധാവികളും കർശനമായും പാലിക്കേണ്ടതാണ് എന്ന വിവരം കൂടി അറിയിക്കുന്നു. കീഴ് കാര്യാലയങ്ങളിലെ എല്ലാ ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ 30/04/2024 ന് മുമ്പായി രേഖപ്പെടുത്തി Approval നൽകിയിട്ടുണ്ടെന്ന കാര്യം അതാത് സ്ഥാപനമേധാവികൾ ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് എല്ലാ സ്ഥാപനമേധാവികളും 02/05/2024, ഉച്ചയ്ക്ക് 1.00 മണിക്ക് മുമ്പായി ഐ.എച്ച്.ആർ.ഡി. ഡയറക്ടറേറ്റിൽ ഇ-മെയിൽ ihrd.estt@gmail.com മുഖേന ലഭ്യമാക്കേണ്ടതുമാണ്.

viii. ഐ.എച്ച്.ആർ.ഡിയ്ക്കു കീഴിലെ എഞ്ചിനീയറിംഗ് കോളേജുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ, മോഡൽ പോളിടെക്നിക്ക് കോളേജുകൾ, ടെക്നിക്കൽ ഹയർസെക്കണ്ടറി സ്കൂളുകൾ എന്നീ നാലു വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ഓൺലൈൻ സ്ഥലംമാറ്റം അതാതു

വിഭാഗങ്ങളിൽ പെട്ട സ്ഥാപനങ്ങളിലേയ്ക്കു മാത്രമായി പരിമിതപ്പെടുത്തിയിരിയ്ക്കുന്നു. ഒരു വിഭാഗത്തിൽ നിന്നും മറ്റൊരു വിഭാഗത്തിലേയ്ക്കുള്ള ട്രാൻസ്ഫർ അനുവദനീയമല്ല.

ix. ഐ.എച്ച്. ആർ.ഡി ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തോടെ ഇതേ കാര്യാലയത്തിലെ 14.01.2015 ലെ ഇ.എ 4/16025/2011/എച്ച്.ആർ.ഡി നമ്പറിലുള്ള ഉത്തരവു പ്രകാരം പരിഷ്കരിയ്ക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ അനുസരിച്ചും 14.02.2014 ലെ ജി.ഒ.(എം.എസ്) നം.76/14/ഉ.വി.വ നമ്പറിലുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ചും ഓരോ സ്ഥാപനത്തിലെയും ഓരോ വിഭാഗത്തിലെ അനുവദനീയമായ തസ്തികകളിലെ പരമാവധി 60% തസ്തികകൾ മാത്രമെ ഓൺലൈൻ ട്രാൻസ്ഫറിനായി പരിഗണിയ്ക്കപ്പെടുകയുള്ളു.

x. നിലവിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന സൈനികരുടെ ആശ്രിതർ, മിശ്രജാതിയിൽ നിന്നും വിവാഹിതരായ ദമ്പതികളിൽ പെട്ടവർ, ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർ, ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ എൻ.എസ്.എസ് പ്രവർത്തനങ്ങളുടെ ചുമതലക്കാരായ സ്ഥിരംജീവനക്കാർ എന്നിവർക്ക് അസ്സൽ സാക്ഷ്യപത്രങ്ങളുടെ പിൻബലത്തോടെ അപേക്ഷ സമർപ്പിയ്ക്കുന്ന പക്ഷം സ്ഥലം മാറ്റത്തിൽ മുൻഗണന അനുവദിയ്ക്കുന്നതാണ്.

xi. നിലവിലുള്ള സ്റ്റേഷനിൽ രണ്ടുവർഷം സേവനം പൂർത്തിയാക്കിയോ എന്നു നിർണയിയ്ക്കുന്നതിനുള്ള അന്തിമതീയതി (cut off date) 28.02.2024 ആയി നിശ്ചയിച്ചിരിക്കുന്നു.

xii. ഓൺ ലൈനിലല്ലാതെ നേരിട്ടു സമർപ്പിയ്ക്കുന്ന അപേക്ഷകളും ജീവനക്കാരുടെ ബന്ധുക്കളോ ശിപാർശക്കാരോ മുഖേന സമർപ്പിയ്ക്കുന്ന അപേക്ഷകളും ഉഭയസമ്മതപ്രകാരം ട്രാൻസ്ഫറിനായി സമർപ്പിയ്ക്കുന്ന അപേക്ഷകളും നിരുപാധികം നിരസിയ്ക്കുന്നതാണ്.

xiii. ട്രാൻസ്ഫർ അപേക്ഷകൾ പരിഗണിയ്ക്കുമ്പോൾ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജൂനിയർ ഓഫീസ് അസിസ്റ്റന്റ്/ഓഫീസ് അസിസ്റ്റന്റ്/സീനിയർ ഓഫീസ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാരെ സമാനതസ്തികകളായി കണക്കാക്കുന്നതും പരസ്പരമാറ്റത്തിന് പരിഗണിയ്ക്കുന്നതുമാണ്.

ഡോ. വി.എ.അരുൺകുമാർ
ഡയറക്ടർ

പകർപ്പ്,

1. എല്ലാ സ്ഥാപനമേധാവികൾക്കും /ജീവനക്കാർക്കും
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / ഫിനാൻഷ്യൽ കൺസൾട്ടന്റ് / അക്കൌണ്ട്സ് ഓഫീസർ
3. കമ്പ്യൂട്ടർ എഞ്ചിനീയർ (ഹെഡ്ക്വാർട്ടേഴ്സ്)
4. ഡയറക്ടറുടെ പി.എ യ്ക്ക്
5. ആസ്ഥാനകാര്യാലയത്തിലെ സെക്ഷൻ സൂപ്രണ്ടുമാർക്ക്
6. കരുതൽ ഫയൽ
7. ഓഫീസ് പകർപ്പ്